# മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്

*മറവൻതുരുത്ത്, വൈക്കം*

## പൊതുയോഗ നോട്ടീസ്

*മാന്യരെ,*

*മണിയശ്ശേരി ദേവസ്വം ട്രസ്റ്റിന്റെ തന്നാണ്ടത്തെ വാർഷിക പൊതുയോഗം മണിയശ്ശേരി ക്ഷേത്രാങ്കണത്തിൽ വച്ച് 2015 ഏപ്രിൽ മാസം 19-ാം തീയതി (ഞായറാഴ്ച) ഉച്ചയ്ക്ക് 2.00 മണിക്ക് താഴെ കൊടുത്തിരിക്കുന്ന കാര്യപരിപാടിയനുസരിച്ച് പ്രസിഡന്റ് ഡോ. ബി. സരോജിനി അമ്മയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. എല്ലാ അംഗങ്ങളും യഥാസമയം പൊതുയോഗത്തിൽ സംബന്ധിച്ച് യോഗം വിജയിപ്പിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.*

*എന്ന്,*

*കൃഷ്ണ, കടുപ്പശ്ശേരി* — *ഭരണസമിതിക്കുവേണ്ടി*
*ഇരിങ്ങാലക്കുട 680 683* — *ശിവകുമാർ ആർ*
*ഫോൺ : 8547397618* — *സെക്രട്ടറി*

## കാര്യപരിപാടി

ഈശ്വരപ്രാർത്ഥന
കാര്യപരിപാടിക്ക് അംഗീകാരം
ഉപക്രമം
മുൻപൊതുയോഗ മിനിറ്റ്സ് അവതരണം - ചർച്ചയും അംഗീകാരവും
പ്രവർത്തനറിപ്പോർട്ട് - അവതരണവും അംഗീകാരവും
വരവ് ചെലവ് കണക്കുകൾ - അവതരണവും അംഗീകാരവും
ക്ഷേത്രഹാളിന്റെ വാടക, മരാമത്ത് - ചർച്ച
ചോദ്യോത്തരങ്ങൾ, പ്രമേയങ്ങൾ
ആഡിറ്റർ നിയമനം
അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ
ഉപസംഹാരം
കൃതജ്ഞത

---

1. വരിസംഖ്യ കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അടച്ചുതീർത്ത് രസീത് വാങ്ങണമെന്നപേക്ഷ.
2. ചോദ്യങ്ങളും പ്രമേയങ്ങളും 10-04-2015 ന് മുമ്പായി സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.

# മണിയശ്ശേരി ദേവസ്വം ഫുഡ് ഫണ്ട്

*മറവൻതുരുത്ത്, വൈക്കം*

## തെരഞ്ഞെടുപ്പ് പൊതുയോഗ നോട്ടീസ്

മാന്യരെ,

മണിയശ്ശേരി ദേവസ്വം ഫുഡ് ഫണ്ടിന്റെ തന്നാണ്ടത്തെ വാർഷിക പൊതുയോഗം മണിയശ്ശേരി ക്ഷേത്രാങ്കണത്തിൽ വച്ച് 2015 ഏപ്രിൽ മാസം 18-ാം തീയതി വൈകുന്നേരം 4.00 മണിക്ക് താഴെ കൊടുത്തിരിക്കുന്ന കാര്യപരിപാടിയനുസരിച്ച് പ്രസിഡന്റ് ശ്രീ. വിജയമോഹനൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. എല്ലാ അംഗങ്ങളും യഥാസമയം പൊതുയോഗത്തിൽ സംബന്ധിച്ച് യോഗം വിജയിപ്പിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

മനുസ്മൃതി — ഫുഡ് കമ്മിറ്റിക്കുവേണ്ടി,
ചെമ്പ്, വൈക്കം — മീനാറാണി (സെക്രട്ടറി)
ഫോൺ : 99460 50905 — ചെമ്പ്, വൈക്കം

## കാര്യപരിപാടി

ഈശ്വരപ്രാർത്ഥന
കാര്യപരിപാടി അംഗീകരിക്കൽ
സ്വാഗതം
മുൻപൊതുയോഗ മിനിറ്റ്സ് അവതരണം - ചർച്ചയും അംഗീകാരവും
ഉപക്രമം - പ്രസിഡന്റ്
പ്രവർത്തന റിപ്പോർട്ട് - അവതരണവും അംഗീകാരവും
വരവുചെലവ് കണക്കുകൾ - അവതരണവും അംഗീകാരവും
ഭരണസമിതി തെരഞ്ഞെടുപ്പ്
പ്രസിഡന്റ് അനുവദിക്കുന്ന മറ്റു കാര്യങ്ങൾ
കൃതജ്ഞത

---

**അന്നദാനം മഹാദാനം**

| | | |
|---|---|---|
| പ്രഭാതഭക്ഷണം | : | 1000 രൂപ |
| ഉച്ചഭക്ഷണം (പായസത്തോടുകൂടി) | : | 4000 രൂപ |
| ഉച്ചഭക്ഷണം (പായസം ഇല്ലാതെ) | : | 3000 രൂപ |
| ചായ, ലഘുഭക്ഷണം | : | 500 രൂപ |
| രാത്രി ഭക്ഷണം | : | 1500 രൂപ |

---

ഉത്സവദിനങ്ങളിൽ ഭക്ഷണം നൽകുവാൻ താല്പര്യമുള്ള ഭക്തജനങ്ങൾ ഫുഡ് ഫണ്ട് പ്രസിഡന്റ് / സെക്രട്ടറിയുമായി ബന്ധപ്പെടുക

പ്രസിഡന്റ് : 9667134802 — ഫുഡ് കമ്മിറ്റിക്കുവേണ്ടി
സെക്രട്ടറി : 9946050905 — മീനാറാണി (സെക്രട്ടറി)

# മണിയശ്ശേരി ശ്രീ വൈഷ്ണവ ഗന്ധർവ്വസ്വാമി

# ക്ഷേത്രം

## മറവൻതുരുത്ത്

### *മണിയശ്ശേരി തിരുമുറ്റത്ത് ദേവിക്ക്*

# മൺകലത്തിൽ പൊങ്കാല

**2015 ഏപ്രിൽ 21 ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക്**

ഭക്തജനങ്ങളേ,

നമ്മുടെ ഗുണത്തിനും അഭീഷ്ടസിദ്ധിക്കും വേണ്ടി ഭഗവതിയുടെ തിരുമുമ്പിൽ സമർപ്പിക്കുന്ന ഉപഹാരങ്ങളാണ് വഴിപാടുകൾ. വെറുതെ പ്രാർത്ഥിക്കുന്നതിന്റെ പത്തിരട്ടി ഫലം വഴിപാടുകൾ കഴിച്ചുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ ലഭിക്കുന്നു. സ്ത്രീകളുടെ അഭീഷ്ടസിദ്ധിക്കായി നടത്തുന്ന പ്രധാന വഴിപാടാണ് പൊങ്കാല. നൈവേദ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു മദ്ധ്യസ്ഥന്റെ സഹായം കൂടാതെതന്നെ സ്ത്രീകൾ സ്വയം നിവേദ്യമുണ്ടാക്കി ദേവിക്ക് സമർപ്പിക്കുന്നു. പൊങ്കാലയുടെ പ്രധാന ചടങ്ങ് ഭക്തജനങ്ങളുടെ നൈവേദ്യം സ്വീകരിക്കുന്നതിനായി ദേവി സ്വയം ഭക്തജനങ്ങളുടെ മുൻപിൽ എത്തുന്നു എന്നുള്ളതാണ്. തന്ത്രിയോ മേൽശാന്തിയോ തീർത്ഥം തളിച്ച് ദക്ഷിണ സ്വീകരിക്കുന്നതോടെ ഈ മഹാസംരംഭത്തിന്റെ സമാപനമായി. ഈ വർഷത്തെ പൊങ്കാല സമർപ്പണം 2015 ഏപ്രിൽ 21-ാം തീയതി രാവിലെ 9.00 മണിക്ക് ആരംഭിക്കും. പൊങ്കാല സമർപ്പണത്തിന് പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് ക്ഷേത്രത്തിൽ നൽകേണ്ടതും രാവിലെ 8 മണിക്ക് തന്നെ ക്ഷേത്രത്തിൽ എത്തി പൊങ്കാല അടുപ്പ് തയ്യാറാക്കേണ്ടതും ആണ്.

ഭക്തജനങ്ങൾ ദേവിക്ക് പൊങ്കാല അർപ്പിച്ച് ഇഷ്ടവരപ്രാപ്തി നേടുന്ന ഈ പുണ്യമുഹൂർത്തത്തിന് എല്ലാ ഭക്തജനങ്ങളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ദേവിയുടെ അനുഗ്രഹാശ്ശിസുകൾ ഏവരിലും ചൊരിയണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*എന്ന്,*

*സെക്രട്ടറി*

*മണിയശ്ശേരി ദേവസ്വം*

# മണിയശ്ശേരി

# ശ്രീ വൈഷ്ണവ ഗന്ധർവ്വസ്വാമി ക്ഷേത്രം

### മറവൻതുരുത്ത്, വൈക്കം

## ത്രിപുരസുന്ദരീദേവീ ശ്രീകോവിൽ നിർമ്മാണം.

*സർവാഭീഷ്ടവരദായിനിയായി മണിയശ്ശേരിക്ഷേത്രത്തിൽ വസിക്കുന്ന ത്രിപുരസുന്ദരീദേവിയുടെ ശ്രീകോവിൽ പുതുക്കി പ്പണിയുന്നതിനുള്ള ശ്രമം ആരംഭിച്ചവിവരം കുടുംബാംഗങ്ങൾ ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. ശ്രീകോവിൽ പൊളിക്കു ന്നതിനുമുമ്പായി ദേവിയെ ബാലാലയത്തിലേക്ക് മാറ്റിപ്രതിഷ്ഠി ക്കേണ്ടതായുണ്ട്. അതിനായുള്ള ചടങ്ങ് വാർഷികപൂജ അവ സാനിക്കുന്ന ദിവസം, അതായത് ഏപ്രിൽ 22 ബുധനാഴ്ച നട ത്താമെന്നാണ് തന്ത്രിയുടെ നിർദ്ദേശം. വാർഷികപൂജയ്ക്കായി എത്തുന്ന കുടുംബാംഗങ്ങളെല്ലാവരും പ്രസ്തുത ചടങ്ങിലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പുതിയ ശ്രീകോ വിൽ നിർമ്മിച്ച് ദേവിയെ കുടിയിരുത്തുന്നതിന് കുടുംബാംഗങ്ങ ളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങളും ആവശ്യമാണ്.*

*ഐശ്വര്യദായിനിയായ ദേവിയെ ഐശ്വര്യം നിറഞ്ഞശ്രീകോ വിലിലേക്ക് മാറ്റേണ്ട പ്രവർത്തനങ്ങൾക്കായി കുടുംബാംഗങ്ങൾ ഒത്തൊരുമിച്ച് പ്രാർത്ഥിക്കണമെന്നും സാമ്പത്തികസാന്നിദ്ധ്യസ ഹായങ്ങൾ നൽകണമെന്നും ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.*

*എന്ന്*

*സെക്രട്ടറി.*